## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1024** **05.02.2020-ൽ മറുപടിക്ക്**

## വേജ് കോഡ് ആക്ട്

**ചോദ്യം**

ശ്രീ.എം.ഉമ്മർ :

(എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ വേജ് കോഡ് ബിൽ സംസ്ഥാനത്തെ തൊഴിലാളികളെ ദോഷകരമായി ബാധിക്കുമെന്ന് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി**

ശ്രീ. ടി. പി. രാമകൃഷ്ണൻ
തൊഴിലും എക് സൈസും വകുപ്പ് മന്ത്രി

(എ) വിലയിരുത്തിയിട്ടുണ്ട്. പുതിയ നിയമം നടപ്പിലാകുമ്പോൾ നിലവിലുള്ള തൊഴിൽ നിയമങ്ങളിലെ ചില വ്യവസ്ഥകളിൽ കാതലായ മാറ്റം/വ്യത്യാസം കണ്ടെത്തിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം 1965-ലെ പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, ബാധകത്വം ഇരുപതിൽ കൂടുതൽ തൊഴിലാളികൾ ഉള്ള സ്ഥാപനങ്ങൾക്ക് മാത്രമായി ചുരുങ്ങും എന്നതാണ്. നിലവിൽ ഉണ്ടായിരുന്ന നിയമത്തിലും ഇത്തരത്തിലുള്ള ഒരു വ്യവസ്ഥ ഉണ്ടായിരുന്നെങ്കിലും ആയതിൽ ഭേദഗതി വരുത്തുവാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ടായിരുന്നു. സംസ്ഥാനത്ത് ഈ അധികാരം ഉപയോഗിച്ച് ടി നിയമം നിലവിൽ 10-ൽ കൂടുതൽ തൊഴിലാളികൾ ഉള്ള സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. എന്നാൽ പുതിയ നിയമത്തിൽ സംസ്ഥാനങ്ങൾക്ക് ഈ വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിന് അധികാരം നൽകിയിട്ടില്ല.

സംസ്ഥാന മിനിമം വേതന ഉപദേശക സമിതിയുടെ ഘടനയിലും പ്രവർത്തനത്തിലും കാര്യമായ വ്യത്യാസം പുതിയ നിയമത്തിന്റെ രൂപീകരണം അനിവാര്യമാക്കി തീർത്തിട്ടുണ്ട്. പുതിയ നിയമ പ്രകാരം തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്റെ ചുമതല കൂടി ടി നിയമപ്രകാരം രൂപീകരിക്കുന്ന ഉപദേശക സമിതിയുടെ ചുമതലയാണ്. ഉപദേശക സമിതിയിലും കമ്മിറ്റികളിലും മൂന്നിലൊന്ന് സ്ത്രീ പ്രാതിനിധ്യം ടി നിയമം നിഷ്കർഷിക്കുന്നുണ്ട്. അതുപോലെ തൊഴിൽ നിയമ ലംഘനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പിഴ ശിക്ഷ പ്രത്യേക ഉദ്യോഗസ്ഥരെ നിയമിച്ച് ഇളവുകൾ നൽകി തീർപ്പാക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് അധികാരം സംബന്ധിച്ചും വ്യവസ്ഥയുണ്ട്. നിലവിലുള്ള ഇൻസ്പെക്ടർമാർക്ക് ഫെസിലിറ്റേറ്റർ എന്ന

| | | | |
|---|---|---|---|
| | | | രീതിയിലുള്ള ചുമതല കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശിക്ഷകളിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്. കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് നിയോഗിച്ചിട്ടുള്ള അഞ്ചിൽ കൂടുതൽ എണ്ണം ഇല്ലാത്ത തൊഴിലാളികളെ സംബന്ധിക്കുന്ന രേഖകൾ തൊഴിലുടമ സൂക്ഷിക്കേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നിയമപ്രകാരമുള്ള ക്ലെയിം കേസുകളിൽ തുക തൊഴിലാളിക്ക് നൽകിയിട്ടുണ്ട് എന്ന് തെളിയിക്കാനുള്ള ബാദ്ധ്യത തൊഴിലുടമക്കാണ്. |
| (ബി) | പ്രസ്തുത നിയമത്തിലെ ചില വകുപ്പുകൾ മൂലം തൊഴിലാളികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ നേരിടുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | 1936-ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1948-ലെ മിനിമം വേജസ് ആക്ട്, 1965-ലെ പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ട് എന്നിവയെ സംയോജിപ്പിച്ച് കോഡ് ഓൺ വേജസ് ഇതിനോടകം പാർലമെന്റ് പാസാക്കുകയും പ്രസ്തുത നിയമത്തിന്റെ കരട് ചട്ടങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. കേന്ദ്ര ഗവൺമെന്റ് പാസാക്കുന്ന നിയമങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് ബാദ്ധ്യതയുണ്ട്. എന്നാൽ ടി നിയമങ്ങളിൽ സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കാൻ നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് സംസ്ഥാന താൽപ്പര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത നിയമപ്രകാരമുള്ള കരടുചട്ടങ്ങൾ പരിശോധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാർ നിലപാട് അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | 2019 ലെ വേജ് കോഡ് (കരട്) ചട്ടങ്ങളിന്മേലുള്ള അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.